പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2866

19.06.2014 -ൽ മറുപടിയ്ക്ക്

## അമിതവില ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കാത്ത എത്ര ഹോട്ടലുകൾക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ബി) 1801 ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) അമിതവില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ അതുപ്രകാരം എത്ര ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; | (സി) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനൊ ഉള്ള നിയമം നിലവിലില്ല. ആകയാൽ അമിതവില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയുന്നതിനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering establishment order) പ്രകാരം നടപടി സ്വീകരിക്കുന്നു. |
| (ഡി) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുക എന്ന നിബന്ധനയിൽ ഇളവ് നൽകാതിരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) സ്വകാര്യ/ സർക്കാർ ഭേദമെന്യേ എല്ലാ സ്ഥാപനങ്ങളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ